# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. 313

**12.12.2018-ൽ മറുപടിയ്ക്ക്**

### ആയുർവേദ ചികിത്സാ രംഗത്ത് ആധുനിക ഗവേഷണങ്ങളും പഠനങ്ങളും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആർ. രാജേഷ്<br>ശ്രീ. കെ വി. വിജയദാസ്<br>ശ്രീ. കാരാട്ട് റസാഖ്<br>ശ്രീ. ഒ. ആർ. കേളു | | ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത -ശിശു വികസനവും വകുപ്പുമന്ത്രി) | |
| (എ) | ആയുർവേദ ചികിത്സാ രംഗത്ത് ആധുനിക ഗവേഷണങ്ങളും പഠനങ്ങളും നടത്തുന്നതിന് ഈ സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | (എ) | ആയുർവേദ ചികിത്സാ രംഗത്ത് ആധുനിക ഗവേഷണങ്ങളും പഠനങ്ങളും നടത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി ആയുർവേദവും ആധുനിക ജൈവസാങ്കേതിക വിദ്യയും ബന്ധപ്പെടുത്തിയുള്ള ഗവേഷണങ്ങൾക്കുവേണ്ടി അന്തർദേശീയ നിലവാരത്തിലുള്ള ഗവേഷണ കേന്ദ്രം ഇന്റർനാഷണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദ (IRIA) എന്ന പേരിൽ കണ്ണൂർ ജില്ലയിലെ കല്ല്യാട് വില്ലേജിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ആയുർവേദ ചികിത്സാരംഗത്ത് ആധുനിക ഗവേഷണങ്ങളും പഠനങ്ങളും നടത്തുന്നതിനായി CSIR പോലുള്ള ഗവേഷണ കേന്ദ്രങ്ങളുമായി കരാറിൽ ഏർപ്പെടുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ആയുർവേദ ഡിസ്പെൻസറികളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | ആയുർവേദ ഡിസ്പെൻസറികളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നത് സംബന്ധിച്ച നിർദ്ദേശം 2019-20 വർഷത്തെ പ്ലാനിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്ത് അന്താരാഷ്ട്ര ആയുർവേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | | ആയുർവേദവും ആധുനിക ജൈവസാങ്കേതിക വിദ്യയും ബന്ധപ്പെടുത്തിയുള്ള ഗവേഷണങ്ങൾക്കു വേണ്ടി അന്തർദേശീയ നിലവാരമുള്ള ലബോറട്ടറിയും പഠനകേന്ദ്രവും സ്ഥാപിക്കുന്ന പദ്ധതിക്കായി സർക്കാർ അനുമതി നൽകുകയും ആയതിനായി 2016-17 ൽ 50 ലക്ഷം രൂപയും, 2017-18 ൽ 500 ലക്ഷം രൂപയും, 2018-19 ൽ 600 ലക്ഷം രൂപയും അനുവദിക്കുകയുമുണ്ടായി. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി സർക്കാർ ഒരു വിദഗ്ധ സമിതിയെ രൂപീകരിക്കുകയും നാഷണൽ ആയുഷ് മിഷനെ ആ പദ്ധതിയുടെ ഇംപ്ലിമെന്റിംഗ് ഏജൻസിയായി നിയമിക്കുകയുമുണ്ടായി. ഇൻസ്റ്റിറ്റ്യൂട്ടിന്റെ വിശദമായ പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന പ്രവർത്തി കിറ്റ്കോയെ ഏൽപ്പിച്ചിട്ടുണ്ട്. കൂടാതെ കണ്ണൂർ ജില്ലയിൽ ടി പദ്ധതിയ്ക്കായി കണ്ടെത്തിയ സ്ഥലത്തിൽ 36.57 ഏക്കർ സർക്കാർ ഭൂമി ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് കൈമാറ്റം ചെയ്യുന്നതിനും ബാക്കിയുള്ള സ്ഥലം ഏറ്റെടുക്കുന്നതിനും നടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ച് വരുന്നു. |
| (ഡി) | ഭാരതീയ ചികിത്സാ വകുപ്പിന്റേയും നാഷണൽ ആയുഷ് മിഷന്റേയും നേതൃത്വത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പുതിയ പദ്ധതികൾ ഏതൊക്കെയാണ്; വിശദാംശം നൽകുമോ? | | ഭാരതീയ ചികിത്സാ വകുപ്പിന്റേയും നാഷണൽ ആയുഷ് മിഷന്റേയും നേതൃത്വത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പുതിയ പദ്ധതികൾ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**ഭാരതീയ ചികിത്സാ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പുതിയ പദ്ധതികൾ**

ഭാരതീയ ചികിത്സാ വകുപ്പ് മുഖേന 2018-19 സാമ്പത്തിക വർഷം നടപ്പിലാക്കിയിട്ടുള്ള എല്ലാ സ്പെഷ്യൽ പ്രൊജക്ടുകളും 2019-20 സാമ്പത്തിക വർഷത്തിലും തുടർന്നും ജില്ലകളിൽ നടപ്പിലാക്കുന്നതിനുള്ള പ്രപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു.

ആർദ്രം പദ്ധതിയിലുൾപ്പെടുത്തി രോഗീ സൗഹൃദ ആശുപത്രിയായി കാഷ് നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി 14 ജില്ലകളിലെ 80 സ്ഥാപനങ്ങളെ ഉൾപ്പെടുത്തുന്നതിനുള്ള പ്രപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു.

തീരദേശ മേഖലകളിലേയും, ആദിവാസ മേഖലകളിലേയും ഭാരതീയ ചികിത്സാ വകുപ്പിനു കീഴിലുള്ള ആയുർവേദ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് കാഷ് സ്റ്റാൻഡേർഡിലേക്ക് മാറ്റുന്നതിനുള്ള പ്രപ്പോസൽ സർക്കാർ പരിഗണനയിലാണ്.

രോഗികളുടെ ട്രീറ്റ്മെന്റ് ഹിസ്റ്ററി സംബന്ധിച്ച ഡാറ്റാ ബേസ് ലഭ്യമാക്കുന്നതിനും പ്രാദേശികമായി അസുഖങ്ങൾ നിയന്ത്രിക്കുന്നതിനും ഫലപ്രദമായ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനും ഇൻവന്ററി മാനേജ്മെന്റിനും സഹായകമാകുന്ന ഇ-ഹോസ്പിറ്റൽ പദ്ധതി ഘട്ടം ഘട്ടമായി ഭാരതീയ ചികിത്സാ വകുപ്പിൽ നടപ്പിലാക്കുന്നതാണ്.

സ്പോർട്സ് താരങ്ങൾക്ക് ആയുർവേദ ചികിത്സാ രീതിയിലൂടെ ചികിത്സ ലഭ്യമാക്കുന്നതിനായി സർക്കാർ അധീനതയിൽ തൃശ്ശൂർ ജില്ലയിൽ 50 കിടക്കകളോട്ടുകൂടിയ സ്പോർട്സ് ആയുർവേദ ആശുപത്രി സമുച്ചയം നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നതാണ്.

**നാഷണൽ ആയുഷ് മിഷൻ 2018-19 സപ്ലിമെന്ററി സ്റ്റേറ്റ് ആനുവൽ ആക്ഷൻ പ്ലാൻ മുഖേന കേന്ദ്ര സർക്കാരിന് സമർപ്പിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു.**

| ക്രമ നം. | പദ്ധതി | തുക (ലക്ഷത്തിൽ) |
|---|---|---|
| | **ഫ്ലെക്സി പൂൾ കംപോണന്റ്** | |
| 1 | സീതാലയം- സ്ത്രീകളുടെ സാമൂഹിക ആരോഗ്യ മാനസിക പ്രശ്നങ്ങൾക്കുള്ള പ്രോജക്ട് (recurring assistance) | 36.50 |
| 2 | സദ്ഗമയ പ്രോജക്ട് - എല്ലാ ജില്ലകളിലും (reecurring assistance) | 57.12 |
| 3 | ഒൻപതു ജില്ലകളിലേക്കുള്ള പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റ് (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, മലപ്പുറം, വയനാട്, കാസർകോട്) | 129.60 |
| 4 | നിലവിലുള്ള പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റിന്റെ ശാക്തീകരണം (ആലപ്പുഴ, പാലക്കാട്, തൃശ്ശൂർ ,കോഴിക്കോട്, കണ്ണൂർ) | 47.00 |
| 5 | സ്റ്റേറ്റ് പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റിന്റെ ശാക്തീകരണം | 53.82 |
| 6 | ജില്ലാ / കോളേജ് ആശുപത്രികളിലേക്ക് പി. ആർ.ഒ അനുവദിക്കുന്നതിനുള്ള പ്രോജക്ട് | 98.40 |
| 7 | കോട്ടയ്ക്കൽ ഗവ. ആയുർവേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഡിസീസിനു അനുവദിച്ച സ്പെഷ്യൽ പ്രോജക്ട് (എച്ച്. ആർ സപ്പോർട്ട്) | 132.00 |
| 8 | കോഴിക്കോട് ജില്ലയിലെ ഗവ. ആയുർവേദ ചൈൽഡ് & അഡോളസെന്റ് കെയർ സെന്ററിനു അനുവദിച്ച സ്പെഷ്യൽ പ്രോജക്ട് (എച്ച്. ആർ സപ്പോർട്ട്) | 150.07 |
| 9 | തൃശ്ശൂർ സ്പോർട്സ് ആയുർവേദ ഹോസ്പിറ്റലിനു അനുവദിച്ച സ്പെഷ്യൽ പ്രോജക്ട് (HR support) | 100.02 |
| 10 | ഇതര സംസ്ഥാന തൊഴിലാളികൾക്കായി ആയുഷ് മൊബൈൽ മെഡിക്കൽ യൂണിറ്റ് (പാലക്കാട്, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലും തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളിലെ പട്ടണപ്രദേശങ്ങൾ കേന്ദ്രീകരിച്ച് | 100.00 |
| 11 | ആലപ്പുഴ, തൃശ്ശൂർ, പാലക്കാട്,കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ പ്രധാനപ്പെട്ട ആശുപത്രികളിലേയും, ഡിസ്പെൻസറികളിലേയും ഒ.പി. സേവനം വൈകുന്നേരം വരെ ദീർഘിപ്പിക്കുന്നതിനുള്ള പ്രോജക്ട് | 45.00 |
| 12 | സ്നേഹധാര പാലിയേറ്റീവ് കെയർ പ്രോജക്ട് | 43.68 |
| 13 | മണ്ണഞ്ചേരി ഗവ. സിദ്ധ ഡിസ്പെൻസറിയിൽ സിദ്ധ ചികിത്സാ ക്രിയാ കർമ്മങ്ങൾ നടത്തുന്നതിനായി സ്പെഷ്യൽ പ്രോജക്ട് | 10.32 |
| | **ആയുഷ് സർവ്വീസസ്** | |
| 1 | അവശ്യ മരുന്ന് വിതരണം | 127.00 |

| | | |
|---|---|---|
| 2 | പബ്ലിക് ഹെൽത്ത് ഔട്ട് റീച്ച് ആക്ടിവിറ്റി (മെഡിക്കൽ ക്യാമ്പ്) | 300.00 |
| 3 | ഐ.പി. സൗകര്യമുള്ള ആശുപത്രികൾ (ഐ.എസ്.എം, ഹോമിയോ) മരുന്ന്, കണ്ടിജൻസ് ഇനങ്ങൾക്കുള്ള തുക | 820.00 |
| 4 | ഡിസ്പെൻസറികളിടെ (ഐ.എസ്.എം, ഹോമിയോ) മരുന്ന്, കണ്ടിജൻസ് ഇനങ്ങൾക്കുള്ള തുക | 149.10 |
| 5 | ആയുഷ് ആശുപത്രികളുടെ പുനരുദ്ധാരണത്തിനുള്ള തുക (എച്ച്. ആർ. സപ്പോർട്ട്) | 134.64 |
| 6 | നിലവിലുള്ള ആയുഷ് ഡിസ്പെൻസറികളുടെ പുനരുദ്ധാരണത്തിനുള്ള തുക | 40.20 |
| 7 | ആയുഷ് ആശുപത്രികളുടെ പുനരുദ്ധാരണം | 72.32 |
| 8 | 50 കിടക്കകളുള്ള ശബരിമല സന്നിധാനം ആശുപത്രി | *** |
| | **ആയുഷ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ** | |
| 1 | ഡിസെബിലിറ്റി മാനേജ്മെന്റ്, ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജ്, തിരുവനന്തപുരം | 30.16 |
| 2 | ആയുർവേദ, യോഗ എന്നിവയിലൂടെ കുട്ടികളിൽ കണ്ടു വരുന്ന അതിസൗതല്യം മാനേജ് ചെയ്യാനുള്ള ഇടപെടൽ സംബന്ധിച്ചുള്ള പദ്ധതി | 30.00 |
| 3 | ലാബ് കെമിക്കൽസ് വാങ്ങുന്നതിനും സ്കാനിംഗ് ആവശ്യങ്ങൾക്കും (ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം) | 5.00 |
| | **ക്വാളിറ്റി കൺട്രോൾ ഓഫ് ഡ്രഗ്സ് കൺട്രോൾ** | |
| | ക്വാളിറ്റി കൺട്രോൾ ഓഫ് ഡ്രഗ്സ് കൺട്രോൾ | 106.60 |

*** നോട്ട് (ആയൂഷ് സർവ്വീസസ് ക്രമ നം.8)

നാഷണൽ ആയുഷ് മിഷന്റെ 2018-19 ലെ സ്റ്റേറ്റ് ആനുവൽ ആക്ഷൻ പ്ലാൻ പ്രകാരം സർക്കാർ ഹോമിയോ ആശുപത്രി സന്നിധാനം, സർക്കാർ ആയുർവേദ ആശുപത്രി സന്നിധാനം എന്നീ സ്ഥാപനങ്ങൾക്ക് 75 ലക്ഷം രൂപ വീതം അനുവദിച്ചിരുന്നു. ആയതിൻ പ്രകാരം ലഭ്യമായ 150 ലക്ഷം രൂപ വിനിയോഗിച്ച് 50 കിടക്കകളുള്ള ആയുഷ് ഇന്റഗ്രേറ്റഡ് ആശുപത്രി ആരംഭിക്കുവാനുള്ള അനുമതി ലഭ്യമാക്കുവാനാണ് 2018-19 ലെ സപ്ലിമെന്ററി സ്റ്റേറ്റ് ആനുവൽ ആക്ഷൻ പ്ലാൻ പ്രകാരം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരിക്കുന്നത്.

സെക്ഷൻ ഓഫീസർ